**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1567** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഗവ. ഐ.ടി.ഐ.കളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗവ. ഐ.ടി.ഐ.കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) എത്ര തസ്തികകൾ നിലവിലുണ്ട്; | (എ) | 151 തസ്തികകൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിലെ നിയമന രീതി എങ്ങനെയാണ്; | (ബി) | കേരള ക്രാഫ്റ്റ്സ്മാൻ സബോർഡിനേറ്റ് സർവീസ് റൂൾസ് പ്രകാരം 3:1 എന്ന അനുപാതത്തിൽ നേരിട്ടും, വകുപ്പിലെ വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിൽ നിന്നും പ്രമോഷൻ വഴിയും ആണ് ഒഴിവുകൾ നികത്തുന്നത്. |
| (സി) | പ്രസ്തുത തസ്തികയിൽ 2024 ഡിസംബർ വരെ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നുണ്ട്; | (സി) | 2024 ഡിസംബർ വരെ വിരമിക്കൽ വഴി ഒഴിവുകൾ ഉണ്ടാകുന്നില്ല. |
| (ഡി) | ഗ്രൂപ്പ് ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിക്കുന്ന രീതി എങ്ങനെയാണ്; | (ഡി) | വ്യാവസായിക പരിശീലന വകുപ്പിൽ ഇൻസ്ട്രക്ടർമാരുടെ ഗ്രേഡ് പ്രൊമോഷൻ തസ്തികയാണ് ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തിക. ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേയ്ക്ക് ഓരോ ട്രേഡിലേയ്ക്കും പ്രത്യേകം പ്രത്യേകം ട്രേഡ് തിരിച്ചല്ല പ്രമോഷൻ അനുവദിക്കുന്നത്. ആയത് പ്രകാരം ഗ്രൂപ്പ് ഇൻസ്ട്രക്ടർ (സിവിൽ) എന്ന ട്രേഡ് തിരിച്ചുള്ള തസ്തികയിലേക്കായി പ്രൊമോഷൻ അനുവദിക്കുന്നില്ല. വിശേഷാൽ ചട്ട പ്രകാരം വകുപ്പിലെ മുഴുവൻ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിലെ ജീവനക്കാരിൽ നിന്നും ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക്ചുവടെ പറയുന്ന അനുപാതത്തിലാണ് സ്ഥാനക്കയറ്റം അനുവദിക്കുന്നത്.<br><br>ഓരോ ഒൻപത് ഒഴിവുകളിലെയും നാലാമത്തെയും എട്ടാമത്തെയും ഒഴിവുകൾ ഡിപ്ലോമ യോഗ്യതയുള്ളവർക്കും ഒൻപതാമത്തെ ഒഴിവ് ബി.ടെക് യോഗ്യത ഉള്ളവർക്കും മറ്റ് 6 എണ്ണം ജനറൽ കാറ്റഗറിയ്ക്കുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (ഇ) | നിലവിൽ പ്രസ്തുത തസ്തികയിലേക്ക് എത്ര പേർക്ക് പ്രൊമോഷൻ നൽകാനുണ്ട്; ആയത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ 41 ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ